# Mathrubhumi

## 17 June 2018

## Kochi: Heavy rain, Road Damage

### ഭൂതത്താൻകെട്ടിൽ കലുങ്ക് തകർന്ന് റോഡ്

# നെടുകെ പിളർന്നു

**വടാട്ടുപാറയിൽ പതിനായിരങ്ങൾ ഒറ്റപ്പെട്ടു**

**സ്കൂളുകൾക്ക് അവധി**

**അമിതഭാരവണ്ടിയും കാലപ്പഴക്കവും തകർച്ചയ്ക്ക് കാരണം**

**ഗതാഗത പുനഃസ്ഥാപനത്തിന് ശ്രമം തുടങ്ങി**



ഭൂതത്താൻകെട്ടിൽ കലുങ്ക് തകർന്ന് റോഡ് ഇടിഞ്ഞു വീണ ഭാഗം



തകർന്ന ഭാഗത്തുനിന്ന് മണ്ണും തകർന്ന അവശിഷ്ടങ്ങളും നീക്കം ചെയ്യുന്നു

**കോതമംഗലം ▸** ഭൂതത്താൻകെട്ടിൽ കലുങ്ക് തകർന്ന് റോഡ് നെടുകെ പിളർന്നു. കലുങ്കിന്റെ സംരക്ഷണഭിത്തിയും മേൽസ്ലാബുകളും അടക്കം നിലംപതിച്ച് ഗർത്തം രൂപപ്പെട്ടു. ഗതാഗതം തടസ്സപ്പെട്ട് വടാട്ടുപാറ, ഇടമലയാർ പ്രദേശത്തെ ആദിവാസികരം ഉൾപ്പെടെ പതിനായിരക്കണക്കിന് ജനങ്ങൾ ഒറ്റപ്പെട്ടു. റോഡ് തകർന്നതറിയാതെ ബൈക്കിലെത്തിയ രണ്ട് യുവാക്കൾ കിടങ്ങിൽ പതിച്ച് സാരമായി പരിക്കേറ്റു. ബുധനാഴ്ച പുലർച്ചെ 4.30നാണ് കലുങ്കും റോഡും തകർന്നതെന്ന് പെരിയാർവാലി അധികൃതർ അറിയിച്ചു. ഭൂതത്താൻകെട്ട് ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് പഴയ സോണൽ ഓഫീസിനും സ്വകാര്യ റിസോർട്ടിനും ഇടയിലുള്ള കലുങ്കാണ് ഇടിഞ്ഞ് താഴ്ന്നത്. കലുങ്കിന് ഇരുവശവും പെരിയാർവാലിയുടെ വൃഷ്ടിപ്രദേശമാണ്.

ഭൂതത്താൻകെട്ട്, ഇടമലയാർ പ്രദേശത്തെ നിരവധി സ്കൂളുകളിലും സർക്കാർ ഓഫീസുകളിലും ജീവനക്കാർക്ക് എത്താൻ സാധിച്ചില്ല. കെ.എസ്.ആർ.ടി.സി. ബസ് ഉൾപ്പെടെ നിരവധി വാഹനങ്ങൾ ഭൂതത്താൻകെട്ടിൽ കുടുങ്ങിക്കിടക്കുകയാണ്. താത്കാലികമായി ഗതാഗതം പുനഃസ്ഥാപിക്കുന്നതിന് രാവിലെ തന്നെ യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തനം തുടങ്ങി. കാലാവസ്ഥ ചതിച്ചില്ലെങ്കിൽ രാത്രിയോടെ ഗതാഗതം പുനഃസ്ഥാപിക്കാൻ സാധിക്കുമെന്ന് പെരിയാർവാലി അധികൃതർ അറിയിച്ചു. കലുങ്ക് തകർന്നതറിയാതെ ബൈക്കിലെത്തിയ സഹോദരങ്ങളായ ഭൂതത്താൻകെട്ട് ആപ്പിള്ളിൽ ജയൻ (37), വിജയൻ (33) എന്നിവർക്കാണ് പരിക്കേറ്റത്. ഇവരെ കോതമംഗലത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

കോതമംഗലത്ത് നിന്നും ഭൂതത്താൻകെട്ടിൽ നിന്നും വടാട്ടുപാറ – ഇടമലയാർ ഭാഗത്തേക്കുള്ള ഏക ഗതാഗതമാർഗമാണ് ഇതോടെ അടഞ്ഞത്. കലുങ്ക് തകർന്നതോടെ റോഡ് വിഭജിക്കപ്പെട്ടിരിക്കുകയാണ്. വാഹനയാത്രയും കാൽനടയാത്രയും സാധ്യമല്ലാത്ത അവസ്ഥയിൽ പ്രദേശത്തെ ജനജീവിതം സ്തംഭിച്ചു. റോഡ് തകർന്നതറിയാതെ ഭൂതത്താൻകെട്ട് ടൂറിസ്റ്റ് കേന്ദ്രത്തിലേക്ക് എത്തിയ നൂറുകണക്കിന് ആളുകളും ബുദ്ധിമുട്ടി. വാഹനത്തിലെത്തിയ ചില ടൂറിസ്റ്റുകളെ വനം വകുപ്പിന്റെ സഹായത്തോടെ തുണ്ടം കാടപ്പാറ വഴി അങ്കമാലിയിൽ എത്തിച്ചു.

കലുങ്കിന്റെ കാലപ്പഴക്കവും ബലക്ഷയവുമാണ് തകർച്ചയ്ക്ക് കാരണമെന്ന് പെരിയാർവാലി അധികൃതർ നൽകിയ വിശദീകരണം. കൂടാതെ കഴിഞ്ഞ ദിവസങ്ങളിലുണ്ടായ ശക്തമായ മഴയും തകർച്ചയ്ക്ക് ആക്കംകൂട്ടിയതായി പറയുന്നു. കലുങ്കിന്റെ കരിങ്കൽഭിത്തിയാണ് ആദ്യം ഇടിഞ്ഞത്. അര നൂറ്റാണ്ടിലേറെ പഴക്കമുള്ള കലുങ്കിന്റെ ബലക്ഷയം നേരത്തെ ശ്രദ്ധയിൽപ്പെട്ടിരുന്നില്ല.

ഭൂതത്താൻകെട്ടിലെ ജലവൈദ്യുതി പദ്ധതിയുടേയും പാലത്തിന്റേയും നിർമാണത്തിനായി ടൺകണക്കിന് ഭാരമുള്ള സാമഗ്രികളും കോൺക്രീറ്റും വഹിച്ച വാഹനങ്ങൾ നിരന്തരം ഓടിയത് കലുങ്കിന്റെ തകർച്ചയ്ക്ക് വഴിയൊരുക്കിയതായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

നിനച്ചിരിക്കാതെയുണ്ടായ സംഭവം വടാട്ടുപാറക്കാരെ വലിയ പ്രതിസന്ധിയിലാക്കി. ഇടമലയാർ വൈദ്യുതി പദ്ധതി മേഖലയിലേക്കും യാത്രാമാർഗം തടസ്സപ്പെട്ടു. വിദ്യാർഥികളുടേയും ജോലിക്കാരുടേയും മറ്റ് അത്യാവശ്യക്കാരുടേയുമെല്ലാം യാത്ര മുടങ്ങി.

വിവിധ ആവശ്യങ്ങൾക്കായി മറ്റ് പ്രദേശങ്ങളിൽ നിന്നുമെത്തിയവരും ത്രിശങ്കുവിലായി. രാവിലെ വടാട്ടുപാറയിൽ നിന്ന് ട്രിപ്പ് ആരംഭിക്കുന്ന ഒരു കെ.എസ്.ആർ.ടി.സിയും 10 സ്വകാര്യ ബസുകളും മറ്റ് നിരവധി വാഹനങ്ങളും കുടുങ്ങിക്കിടക്കുകയാണ്.

ആന്റണി ജോൺ എം.എൽ.എ., ആർ.ടി.ഒ. എസ്. ഷാജഹാൻ, പഞ്ചായത്ത് പ്രസിഡന്റുമാരായ വിജയമ്മ ഗോപി, ജെയ്സൺ ദാനിയേൽ എന്നിവർ സ്ഥലത്തെത്തി സ്ഥിതിഗതി വിലയിരുത്തി. പെരിയാർവാലി എക്സിക്യൂട്ടീവ് എൻജിനീയർ സി.എ. വിമല, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ കെ.എം. അലി, അസിസ്റ്റന്റ് എൻജിനീയർ പി.കെ. ജേക്കബ് എന്നിവർ ഗതാഗതം പുനഃസ്ഥാപിക്കാൻ നേതൃത്വം നൽകിവരുന്നു.



തകർന്നു കിടക്കുന്നതിന് സമീപത്തെ വൃഷ്ടിപ്രദേശത്ത് കൂടിയുള്ള യാത്ര